# സുവർണ്ണം

## ഡിജിറ്റൽ മാഗസിൻ 24

## ജി എച്ച് എസ് എസ് പുറത്തൂർ

ജി.എച്ച്.എസ്.എസ് പുറത്തൂർ

Est.1974
September 3

50 Years

സുവർണ്ണജൂബിലി

# പുറത്തൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ അൻപതാം പിറന്നാളിന്റെ നിറവിൽ

തീരദേശ മേഖലയിലെ പ്രമുഖ ഹയർസെക്കൻഡറി സ്കൂൾ ആണ് പുറത്തൂർ ഗവൺമെൻറ് ഹയർ ഹയർസെക്കൻഡറി സ്കൂൾ 1974 സുമനസ്സുകളായ നാട്ടുകാരുടെ സഹായ സഹകരണത്തോടു കൂടിയാണ് സ്കൂൾ ആരംഭിച്ചത് ആദ്യം അത്താണി പടിയിലെ മദ്രസ കെട്ടിടത്തിലാണ് സ്കൂളിന്റെ ആരംഭം പിന്നീട് ഇന്ന് കാണുന്ന സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുകയായിരുന്നു.

ഇത്രയും കാലത്തിനിടയ്ക്ക് പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരം വെളിച്ചം നൽകി തലയെടുപ്പോടുകൂടി അമ്പതാം വാർഷിക നിറവിലാണ് ആദ്യകാലത്ത് ഷെഡുകളിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ ഇന്ന് ഹൈടെക് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നു കഴിഞ്ഞു അത്യാധുനിക കെട്ടിടങ്ങളും ലാബുകളും ഇന്ന് സ്കൂളിന് സ്വന്തമാണ്. സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാണ്. എട്ടു മുതൽ 12 വരെ ക്ലാസുകളിലായി ഏകദേശം 3000ത്തിനടുത്ത് വിദ്യാർത്ഥികൾ പഠിക്കുന്നു. അൽപതാം വാർഷികം വിപുലമായ പരിപാടികളോടു കൂടി ആഘോഷിക്കാൻ പിടിഎയും പൂർവ്വ വിദ്യാർത്ഥികളും കൂടി തീരുമാനിച്ചിട്ടുണ്ട് ഇതിനായി 50 ഇന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് അക്കാദമിക മേഖലയിലും കലാകായിക മേഖലയിലും ആകർഷകങ്ങളായ പരിപാടികൾ ഈ കാലയളവിൽ സ്കൂളിൽ നടക്കും. അൻപതാം വാർഷികത്തോടനുബന്ധിച്ച് സ്കൂളിൻറെ വികസനത്തിനായി നാനാ ഭാഗത്തു നിന്നും സഹായങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് സ്കൂളിൻറെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് പിടിഎ പ്രസിഡണ്ട് ശ്രീ രാമകൃഷ്ണൻ.ജി അവർകളാണ് കൂടാതെ സ്കൂളിന്റെ പ്രിൻസിപ്പാൾ ആയ മധു മാസ്റ്റർ, ഹെഡ്മാസ്റ്റർ ആയ സുരേഷ് ബാബു മാസ്റ്റർ എന്നിവർ പൂർണ്ണ പിന്തുണയുമായി പുറകിൽ ഉണ്ട് ഇതിനോടകം തന്നെ ഏകദേശം 28 ഓളം പരിപാടികൾ പൂർത്തിയായി കഴിഞ്ഞു

മധ്യവേനലവധിക്കാലത്ത് ആകർഷകങ്ങളായ പരിപാടികൾ സ്കൂൾ കേന്ദ്രീകരിച്ച് നടക്കുന്നു. നേരത്തെ തന്നെ മണ്ഡലത്തിലെ ഒരു സ്കൂൾ എന്ന പരിഗണന ലഭിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അഞ്ചു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് സ്കൂളിൽ നടന്നു കഴിഞ്ഞിട്ടുണ്ട്. തവനൂർ മണ്ഡലത്തിലെ മികവിന്റെ കേന്ദ്രമാണ് പുറത്തൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ.



# സാരഥികൾ

**പ്രിൻസിപ്പാൾ**



**മധു പി**

**ഹെഡ്മാസ്റ്റർ**



**സുരേഷ് ബാബുകെ**

**PTA പ്രസിഡന്റ്**



**രാമകൃഷ്ണൻ ജി**

# ജലത്തിനു വേണ്ടി യുദ്ധമോ ?

ഭൂമിയിലെ അത്ഭുത പ്രതിഭാസമാണ് ജീവൻ ജീവനുള്ള എല്ലാറ്റിനും ജീവനുമായി നിലനിൽക്കുവാൻ ജലം ആവശ്യകതം തന്നെയാണ്. ഭൂമിയിലെ മൂന്നിൽ നാല് ഭാഗവും വെള്ളം തന്നെ ആണ്. ആദ്യമായി ജീവൻ ഉത്ഭവിച്ചത് ജലത്തിൽ എന്ന് ശാസ്ത്രം പറയുന്നു. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജന്തുക്കളിലും 70% വും ജലമാണ് ഭൂമിയിലെ ജീവികൾ 90% ജലത്തിൽ അധിവസിക്കുന്നവയാണ്. അതുകൊണ്ടുതന്നെ വെള്ളമില്ലാത്ത ഒരു അവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ പോലും സാധിക്കുകയില്ല. "വെള്ളം വെള്ളം സർവത്ര തുള്ളികുടിക്കാൻ ഇല്ലത്രെ" അതെ ഭൂമിയുടെ മുക്കാൽ ഭാഗവും ജലം തന്നെയാണ് എന്നാൽ അതിൽ ശുദ്ധജലത്തിന്റെ അളവ് തുച്ഛം തന്നെ. എന്നിട്ട് പോലും ഇന്നത്തെ മനുഷ്യരാശി ജലസ്രോതസ്സുകൾ മുഴുവൻ മലിനമാക്കി കൊണ്ടിരിക്കുന്നു. ജലത്തിനു സ്വർണത്തേക്കാൾ വില നൽകേണ്ട കാലഘട്ടത്തിലേക്കാണ് ലോകം സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. ഇനിയൊരു ലോകയുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് ജലത്തിനു വേണ്ടി ആയിരിക്കും എന്ന് പറയുന്നു. എന്നാൽ ഇന്നത്തെ മനുഷ്യൻ ജലസ്രോതുകളെ ജലസ്രോതസ്സുകൾ ആയ കുളം എന്നിവയെല്ലാം നികത്തി അതിനു മുകളിലൂടെ കെട്ടിടങ്ങളിൽ പണിതുയർത്തി കൊണ്ടിരിക്കുന്നു എങ്ങോട്ടാണ് ഈ പോക്ക് ലോകത്തിൻറെ കുതിപ്പ് നാം പാഴാക്കുന്ന ഓരോ തുള്ളി പ്രാധാന്യം ഓർമ്മപ്പെടുത്താനും

ജലസൗസികൾ വരുംതലമുറയ്ക്ക് വേണ്ടി കാത്തു സൂക്ഷിക്കാനും നാം ഓരോരുത്തർക്കും കടമയുണ്ട് അതു കൊണ്ടു തന്നെയാണ് നാം വർഷംതോറും മാർച്ച് 22ന് ലോകജലദിനമായി ആചരിക്കുന്നത് 1993 മുതലാണ് ഐക്യരാഷ്ട്ര ലോകജലദിനം മാർച്ച് 22ന് ആചരിച്ചു തുടങ്ങിയത് ഓരോ വർഷംതോറും നമ്മൾ മാർച്ച് 21 ലോക ജലദിനമായി ആചരിക്കുമ്പോൾ ജലത്തെ കുറിച്ചുള്ള പ്രാധാന്യം അത് മനുഷ്യനെ ദുരൂഹതയെക്കുറിച്ചും നമ്മൾ ചർച്ച ചെയ്യാറുണ്ട്. എന്നാൽ എല്ലാം നമ്മൾ മറന്നു പോയ ഒരു കാര്യം തന്നെയുണ്ട് കാര്യം എന്തെന്നാൽ മനുഷ്യനല്ല ജീവജാലങ്ങളുടെ അവസ്ഥ എന്തായിരിക്കും അവയുടെ ബുദ്ധിമുട്ട് എന്തായിരിക്കും എന്ന് നാമെല്ലാം മറന്നുപോയ ഒരു കാര്യം തന്നെയാണ്

നമ്മുടെ വീടുകളിലും മറ്റും നമുക്ക് ആവശ്യമുള്ള ശുദ്ധജല സംഭരണികൾ സ്ഥാപിക്കുന്നു എന്നാൽ നമുക്ക് അപ്പുറമുള്ള ഒരു ലോകം അതാണ് ജീവജാലങ്ങൾ ഭക്ഷ്യധാതുക്കൾ അവരെ മറന്നു കളയുന്നു. ഒരുപക്ഷേ അവർ കുളത്തിൽ നിന്നും തോട്ടിൽ നിന്നും വെള്ളം കുടിച്ചു ജീവിച്ചിരുന്ന ഒരു കാലം തന്നെയുണ്ട്. കാലം മാറിയിരിക്കുന്നു. അവരുടെ അവസരം മുഴുവൻ നശിപ്പിച്ചു മനുഷ്യന്റെ ആധിപത്യമാണ് ഇന്ന് കാണാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ഒരു തണലായി അവർക്ക് ഒരു ശുദ്ധജലസ്രോതസ്സുകൾ നാം കരുതേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് ഇന്ന് പലരും പക്ഷികൾക്ക് സ്ഥാപിക്കുന്ന തണ്ണീർ കുടങ്ങൾ എന്തായാലും വരും തലമുറയ്ക്ക് ശുദ്ധജലസ്രോതസ്സുകൾ സൂക്ഷിക്കേണ്ടത് നമുക്ക് അത്യാവശ്യമായിരിക്കും

**ഫാത്തിമ റിഹാന 8 E**

## Care in rainy season

- Healthy food avoid junk food
- Drink boiled filtered water
- Not getting wet rain
- Use mosquito repellent
- Keep surrounding plane
- Carry umbrella or raincoat when going out
- Weare proper clothes to stay warm and dry
- Get rid of stagnant water
- Include Vitamin C and water in food
- Freuently visit doctor when not to feeling well

**Nainika K 9 E**

## മനസ്സ്

മനസ്സെന്നെ മഹാനഗരത്തിൽ അലഞ്ഞു തിരിയുന്ന
കുറേപേർ
നാട് അറിയില്ല വീട് അറിയില്ല
നാട്ടരങ്ങിൽ എന്നോ കണ്ടവർ
കാണാൻ കൊതിച്ചവർ കണ്ടു മടുത്തവർ
കരാള ഹസ്തങ്ങൾ ഞെട്ടിവിറച്ചു ഞാൻ കൊട്ടിയടക്കാൻ
ശ്രമിച്ചു ഞാൻ മനസ്സിൻറെ ജാലകപ്പഴുതുകൾ എങ്കിലും
ഞാൻ അറിയുന്നു
നിഷ്ഫലം എന്റെ ശ്രമങ്ങളെല്ലാം സ്നേഹത്തിൽ ഉറക്കിയ
മനസ്സുകൾ ലോകത്തിന് നേർക്കാഴ്ച

**ലളിതാ മീതെലെകുന്നത്ത്**
**ഇംഗ്ലീഷ് അധ്യാപിക**

# അരുതെന്ന് പറയാമായിരുന്നു....

അയാൾ പൊട്ടിപ്പൊളിഞ്ഞ നിലം പതിക്കാറായ ആ നായർ തറവാട്ടിലേക്ക് രാമനുണ്ണി കയറിയില്.ല വീട്ടിൽ ആരുടെയും അനക്കമില്ല അവരെ പേരുകൾ വിളിക്കാൻ തുടങ്ങി എന്നാൽ ഒരുപാട് നേരത്തേക്ക് ആരെയും കണ്ടില്ല. പ്രതീക്ഷകൾ അസ്തമിച്ച് തിരിച്ച് നടക്കുമ്പോഴാണ് ഇടറിയ ഒരു ശബ്ദം അയാൾ കേട്ടത് ആരാ അയാൾക്ക് നേരെ ചെന്നു. എന്നാൽ ആരാണെന്ന് ചോദിക്കുകയും പണത്തിനാണ് വന്നതെങ്കിൽ ഇല്ല എന്നും പറഞ്ഞു. സങ്കടവും കരച്ചിലും വന്നു അയാൾക്ക്. അമ്മയ്ക്ക് തന്റെ മകനെ തിരിച്ചറിഞ്ഞില്ല. അതിനൊരു കാരണമുണ്ട് രാമനുണ്ണി ആകെ മാറിയിരുന്നു. താടിയും മുടിയും വളരെയധികം വളർന്നതും വസ്ത്രം എല്ലാം കീറി പൊളിഞ്ഞതുമായിരുന്നു. മുഖം ആകെ കറുത്തിരുന്നിരുന്നു നഖങ്ങളെല്ലാം വളർന്നു ഒരു വിരൂപിയെ പോലെ ആയി മാറിയിരുന്നു വളരെയധികം വിഷമത്തോടുകൂടി അയാൾ ആ പടിവാതിൽ കടന്നു നിങ്ങളുടെ മകനാണെന്ന് പറയാൻ കഴിഞ്ഞില്ലല്ലോ എന്ന കുറ്റബോധം അയാൾക്ക് ഉണ്ടായി. നാട്ടുകാർക്കും അയാളെ മനസ്സിലായില്ല എന്തിന് തൻറെ കൂട്ടുകാർക്ക് പോലും അയാളെ മനസ്സിലായില്ല. എല്ലാവരും അവളെ അകറ്റിനിർത്തി.

അയാൾ ഒരു റെയിൽവേ സ്റ്റേഷനിൽ അഭയം പ്രാപിച്ചു. എന്തൊക്കെയോ തന്റെ നഖങ്ങളിൽ കയറ്റി. കയ്യിലെ ഞരമ്പുകളിൽ സിറിഞ്ചിൽ മാരകമായ മരുന്നുകൾ കുത്തി കയറ്റി ഭ്രാന്തനെപ്പോലെ അയാൾ നടന്നു. എപ്പോഴും ഉറക്കത്തിലേക്ക് വഴുതി വീണു ഉറക്കം വരുന്നിടയും ലഹരിയുടെയും കുറച്ചുനേരത്തേക്ക് സ്വതന്ത്രമായി ഒരു സ്വപ്നം കണ്ടു. ആ സ്വപ്നം ഇങ്ങനെയായിരുന്നു സമൂഹത്തിൽ സമ്പന്നതയിൽ അഭിമാനത്തിലും മുന്നിലിരുന്ന ഒരു നായർ തറവാട് അവിടെ ഒരു നല്ല ദമ്പതിമാരുണ്ടായിരുന്നു പക്ഷേ അവർക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല. ഒരുപാട് പ്രവർത്തനങ്ങൾക്കും വഴിപാടുകൾക്കും ശേഷം ദൈവം അവരുടെ നേർക്ക് കണ്ണുകൾ തുറന്നു. അയാൾക്ക് ഒരാൺകുഞ്ഞ് പിറന്നു അച്ഛൻറെയും അമ്മയുടെയും വത്സല്യത്തിൽ വളർന്നു തേജസ്വിയായ ഒരു യുവാവായി മാറി. വീട്ടുകാരുടെ നാട്ടുകാരുടെ കണ്ണിലുണ്ണി ആയിരുന്നവൻ കാരണം അവൻ പഠിത്തത്തിനും സ്വഭാവത്തിലും ഒരുപോലെ മികച്ചവനായിരുന്നു. പരിമിതികളുടെ പട്ടം പൊട്ടിച്ച് അവൻ പറന്നു. ഒരു മികച്ച കോളേജിൽ അഡ്മിഷൻ ലഭിച്ചു. അവിടെയും അവൻ ഒന്നാമനായിരുന്നു പക്ഷേ അവനെ ഒരു അപകടം പിന്തുടർന്നിരുന്നു. അവനെക്കാൾ തിന്നാൻ തുടങ്ങിയ അപകടം അവനെ ഈ പ്രശ്നത്തിൽ കൊണ്ടെത്തിച്ചു ലഹരിയിൽ കുടുങ്ങിപ്പോയി പ്രശ്നങ്ങളിലേക്ക് താഴ്ന്ന പോയി

കോളേജ് പഠനം കഴിഞ്ഞ് അവൻ വന്നപ്പോഴേക്കും അവൻ ആകെ മാറിക്കഴിഞ്ഞിരുന്നു അമ്മയും അച്ഛനും പറഞ്ഞത് അനുസരിക്കാത്ത താതോന്നി അച്ഛനെ ഉപദ്രവിക്കാൻ തുടങ്ങി. വീട്ടിൽ നിന്നും പുറത്താക്കി. അയാൾ കണ്ടത് സ്വപ്നമായിരുന്നില്ല അവൻറെ ജീവിതം തന്നെയായിരുന്നു. ഭ്രാന്തനെ പോലെ അയാൾ അലയാൻ തുടങ്ങി. ഒരു പക്ഷേ വഴക്ക് പറയുന്നതിനു പകരം ഒരു നല്ല കൂട്ടുകാരനെപ്പോലെ പറഞ്ഞ മനസ്സിലാക്കിയിരുന്നെങ്കിൽ, പറഞ്ഞിരുന്നെങ്കിൽ അവൻ രക്ഷപ്പെട്ടുമായിരുന്നു കൂട്ടിൽ നിന്ന് ആകാശത്തേക്ക് പറന്നുയരാമായിരുന്നു എന്നാലും ഭ്രാന്തനായി മാറിയിരിക്കുന്നു. ഒരു നിമിഷം കൊണ്ട് അയാൾ ലോകം വിട്ടു പോയിരിക്കുന്നു നമ്മുടെ ഇടയിൽ ഒരുപാട് ഉണ്ട് ഒരുപക്ഷേ പറഞ്ഞാൽ അവർ രക്ഷപ്പെട്ടുമായിരിക്കും എന്ന് പറയാം.



Adhidev G
8L

# ഞാൻ ചന്ദ്രനിൽ എത്തിയാൽ......

നിലാവുള്ള രാത്രി എന്തൊരു രസം രാത്രിയുടെ വർണ്ണ ശോഭയിൽ തിളങ്ങി നിൽക്കുന്ന ചന്ദ്രൻ നിരന്തരമായി കാണാൻ കഴിയാത്ത ഒരു കാഴ്ചയായിരുന്നു അവിടെ ചെന്നെത്തിയാൽ എന്തോ മനസ്സിനെന്തോ ഒരു സുഖം ദുഃഖങ്ങളെ മാറ്റാനുള്ള ഒരു അവസരമാണ് ചന്ദ്രനിൽ എത്തുക എന്നത്. മനസ്സാകെ കുളിരാകും എന്തോ ജീവിതത്തിൽ നേടിയെടുത്ത പോലെയാണ് അത്. ഇതൊരു മഹാപ്രതിഭാസമാണ് അവിടെ എത്തുക എന്നത്. സാധിക്കുന്ന കാര്യമല്ല എങ്കിലും എത്തിയാൽ കിട്ടുന്നത് കുളിരേകുന്ന മറക്കാനാവാത്ത നിമിഷമാണ് .

അവിടെ കാലുകുത്തുക എന്നത് അഭിമാനകരമായ നിമിഷവും അപ്രതീക്ഷിതവും ആണ് ഭയമേ ഇല്ല. ഭയം ഉണ്ടാകായാൽ ഒന്നും സാധിക്കില്ല. നമ്മെ പല ചിന്തകളും ദുരന്തങ്ങളും തേടിയെത്തും. നമ്മുടെ രാത്രിയെ ഭംഗി ഉള്ളതാക്കാൻ ചന്ദ്രനെ ചുറ്റും നക്ഷത്രങ്ങളും എത്തുന്നു. എൻറെ ചിന്തകൾ എന്നെ ഭയപ്പെടുത്തിയിരുന്നു എന്താണെന്നറിയില്ല അവിടെ എത്തിയാൽ ഭാരതത്തിനും അഭിമാനവും. ആഹ്ലാദകരമായ നിമിഷവും ആണ് ചന്ദ്രനിൽ കാലുകുത്തുക ഇന്ത്യയുടെ പതാക അവിടെ കുത്തിവയ്ക്കുക എന്നതെല്ലാം. നിമിഷങ്ങൾ എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല എൻറെ രാജ്യത്തിന് അഭിമാനം ആയിരിക്കണം ഞാൻ ചന്ദ്രനിൽ എത്തുക എന്നത് ചന്ദ്രനെ കാണുമ്പോൾ ആഗ്രഹിച്ചിരുന്നതാണ് എന്തുകൊണ്ട് എനിക്ക് അവിടെ പോയിക്കൂടെ ?

ആഗ്രഹം സഫലമായപ്പോൾ എനിക്കുണ്ടായ സന്തോഷം പ്രകടിപ്പിക്കാൻ കഴിയില്ല. ഇവിടെനിന്ന് കാണുന്ന കാഴ്ചകൾ അടുത്തുള്ള കാഴ്ചയും കണ്ടു എനിക്കുണ്ടായത് അഭിമാനമാണ്. പല പേടകങ്ങൾ അയക്കുന്ന ചന്ദ്രയാൻ കേട്ട് കാണും നാം അതും ഒരു മഹാത്ഭുതകരമായ സംഭവം തന്നെയാണ്. ചന്ദ്രനെ പല പാട്ടുകളുടെ വിഷയമാക്കുമ്പോൾ ഞാൻ പലപ്പോഴും ചിന്തിച്ചിരുന്നു എത്ര മനോഹാരിതയാണ് ഇതിന്. എന്തിനാണ് ചന്ദ്രൻ എത്രമാത്രം വർണ്ണിതമാക്കുകത് എന്നത് ഞാൻ അറിഞ്ഞു. ചന്ദ്രനെ കുറിച്ച് അവിടെ എത്തിയപ്പോൾ ഞാൻ പഠിക്കാത്ത എനിക്ക് അറിയാത്ത ചിലത് മനസ്സിലാക്കാനും പഠിക്കാനും സാധിച്ചു.

ശോഭയാർന്ന രാത്രിയെ ചന്ദ്രനാൽ ഭംഗി കൂടിയിരിക്കുന്നു. ആ സമയത്ത് കാണാൻ കഴിയുന്ന ചില നിമിഷങ്ങൾ അത് അത്രമാത്രം മനോഹാരിതമാണ് ഞാൻ ഞാൻ വെറുതെ ചിന്തിച്ച് പലതും കരുതിയിരുന്നു അവിടെ ചെന്നപ്പോൾ എനിക്ക് ഉണ്ടായ ചിന്തകൾ വരുത്തുന്ന സംശയങ്ങൾ ആയിരുന്നു. ഞാൻ സ്വയം ചന്ദ്രൻറെ ഭംഗി ആസ്വദിച്ചിരുന്നു. ചന്ദ്രനിൽ എത്തും എന്നത് എൻറെ ഒരു സ്വപ്നം മാത്രമായിരുന്നു ഞാൻ കരുതി പക്ഷേ എൻറെ ചിന്തകൾ തെറ്റിയിരുന്നില്ല. കഴിയാത്ത കാര്യങ്ങൾ എനിക്ക് ഒന്നും തന്നെ സാധിക്കാൻ കഴിഞ്ഞിരുന്നില്ല.

എൻറെ ആത്മവിശ്വാസമാണ് എന്നെ ചന്ദ്രനിൽ എത്തിച്ചത്. ഞാൻ ആരെന്ന് അപ്പോൾ എനിക്ക് മനസ്സിലാക്കി തന്നത് ചന്ദ്രൻ. എന്തൊരു പ്രതിഭാസമാണ് ആ പ്രതിഭാസത്തെ നേരിൽ കാണുക എന്നുള്ളത് അത്യുക്തമായ കാര്യമാണ്. ജീവിതത്തിൽ അവിശ്വസനീയമായ നിമിഷം ആണിത്. ഞാൻ ചന്ദ്രനിൽ എത്തിയാൽ എന്ന ചിന്തയെ ഞാൻ ഒരു നിമിഷം കൊണ്ട് സാധിച്ചു എൻറെ വിശ്വാസമാണ് അല്ല വിശ്വാസമുള്ളപ്പോൾ എല്ലാം നേടുക എന്നത് വലിയൊരു കാര്യമാണ് എന്നെ ബോധ്യപ്പെടുത്തിയിരിക്കുന്നു.

**ദൃശ്യാഞ്ജലി കെ പി 10 E**



## കവിത
# കൂട് നഷ്ടപ്പെട്ട പക്ഷികൾ

പകലിന്റെ ഒടുവിൽ
ഇര തേടി പോയ രാക്കിളികൾ
എല്ലാം വന്നു കൂടണയാൻ
എന്നാൽ ഇരവിന്റെ നാളത്തിൽ
അവർ കണ്ട കാഴ്ചയിൽ
നടുങ്ങിയ പാവങ്ങൾ
ഇനിയൊന്നു കാണുമെന്നറിയാതെ
വിങ്ങി നിന്നു ഏകവയമായ
സുരക്ഷിതത്വത്തിന്റെ പാർപ്പിടം
അവർക്ക് ഇന്ന് നഷ്ടമായി
ഒരുക്കാൻ സമ്മതം
മൂളിത്തന്നൊരാ മുത്തശ്ശി
മാതാപിതാ തന്റെ ചില്ലകൾ
എല്ലാം ഒടിച്ചു മടക്കി ഭൂമിദേവിയോട്
ആയി വീണുകേണിടുന്നു
ചിതറിത്തെറിച്ച കൂടുകളെല്ലാം
ഇനിയൊരു തലമുറയുടെ
ശവക്കല്ലറകളായി
മനുഷ്യനെന്തേ ചിന്തിക്കുന്നില്ല

നാമെല്ലാം മാതാവിൻറെ മക്കളേ
എന്ന് ഈ കാഴ്ച കണ്ടു ജനനി
ശാപവാക്കുകൾ തന്റെ മക്കളാം
മനുഷ്യനെ ശപിച്ചിടുന്നു
നഷ്ടമായൊരാനന്ദം ഇനിയൊരു
പുലരി ഉയരാൻ ഇനിയെന്ത് ആഗ്രഹിക്കും
ചോദിക്കാറുള്ളൂ ഈ മനുഷ്യരാശിയോടായി
തെറ്റെന്തു നിങ്ങളോടായി ചെയ്തു
ഞങ്ങളെ ഒത്തിരി സഹായങ്ങൾ അല്ലാതെ
എല്ലാവരും നാൾ നിനക്കു നേർക്കു വരും
അന്നു നീ നിസ്സഹനായി
ഈ ജന്മ മൈത്രികയിൽ ശരണം തേടുമെന്ന്
സത്യം തിരിച്ചറിയുക ചോര പൊടിയുന്ന
മനസ്സിൻറെ വേദനയിൽ ഇനി അവൻ
ഓർക്കുന്ന ഒന്നും മാത്രം
ഇനി  ഞങ്ങൾ എങ്ങും പോകേണ്ടി വരും
മരണഭയമില്ലാതെ പാറി പറന്നു നടക്കാൻ



# വർത്തമാന സമൂഹത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം

വർത്തമാനകാല സമൂഹം മാധ്യമങ്ങളും ഒരു കലവറയാണ് പഠനാവശ്യങ്ങൾക്കും വിവരണങ്ങൾക്കുമായി പുസ്തകങ്ങളെ മാത്രം ആശ്രയിച്ച കഴിഞ്ഞിരുന്ന ഒരു സമൂഹത്തിൽ നിന്നും ആധുനിക സമൂഹം രൂപപ്പെട്ടത് ഒരു പുലരിയിൽ അല്ലെങ്കിലും ആ വളർച്ച ഓരോ വ്യക്തികളും ജീവിത വഴിയിൽ ഒരുതരത്തിൽ മറ്റുതരത്തിൽ സ്വാധീനം ചെലുത്തി കൊണ്ടിരിക്കുന്നു. നവമാധ്യമങ്ങളിൽ മുതിർന്നവരും കുരുന്നുകളും ധനികരും ദരിദ്രരും ഒരുപോലെ ഉപയോഗിക്കാവുന്ന മൊബൈൽ ഫോൺ ആധുനിക സമൂഹത്തിൻറെ നേർക്കാഴ്ചയാണ് ഫോണില്ലാത്ത ഒരു ജീവിതം അസാധ്യമാണ്.

മൊബൈൽ ഫോൺ മാത്രമല്ല നവ മാധ്യമങ്ങളിൽ ഉൾപ്പെട്ടത്. മൊബൈൽ ഒരു മാധ്യമമാണെന്ന് പറയാൻ സാധിക്കില്ല. അത് മാധ്യമങ്ങളുടെ കലവറയാണ്. ഇൻസ്റ്റാഗ്രാം, ട്വിറ്റർ, ടെലിഗ്രാം, യൂട്യൂബ്, വാട്സ്ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയ വർത്തമാനതാരങ്ങളാണ് മുതിർന്നവരെക്കാൾ കുട്ടികൾ ഇത് ഉപയോഗപ്പെടുത്തുന്നു എന്നതാണ്ആശ്ചര്യം. ഇത്തരം മാധ്യമങ്ങൾ ഏറെ ഉപകാരമുള്ളവയാണ് എന്നാൽ നവമാധ്യമങ്ങൾ ഓരോ വ്യക്തിയും എങ്ങനെയെല്ലാം സ്വാധീനിക്കുന്നു. ഉത്തരം നിസ്സാരമാണ് നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആസ്പദമാക്കിയായിരിക്കും നമുക്ക് ലഭിക്കുന്ന അനന്തരഫലം.

നവമാധ്യമങ്ങൾ വളർത്തുന്ന സമൂഹത്തിൽ എങ്ങനെ ഉപകാരപ്പെടും എന്ന് നോക്കാം. മാധ്യമങ്ങളിൽ എന്നെ നിങ്ങളെയും അഥവാ വിദ്യാർത്ഥികളെ സ്വാധീനിച്ച പ്രധാനിയാണ് യൂട്യൂബ് കോവിഡ് കാലത്ത് നമ്മുടെ പാഠഭാഗങ്ങൾ തമ്മിലേക്ക് ആർജിച്ച് എടുപ്പിച്ച് പ്രിയ മാധ്യമമാണിത്. ഇന്നും ഓൺലൈൻ ക്ലാസുകൾക്കായി youtube ആശ്രയിക്കുന്ന വിദ്യാർഥികൾ ഒരുപാടുണ്ട് എന്നെ സംബന്ധിച്ചിടത്തോളം ട്യൂഷന് സമമായാണ് ഞാൻ യൂട്യൂബ് ക്ലാസുകളെ സങ്കൽപ്പിക്കുന്നത്.

പുസ്തകങ്ങൾ വായിക്കുന്നത് എപ്പോഴും നാം നേരിടുന്ന ഒരു പ്രശ്നമാണ്. സമയം നമുക്ക് ലഭ്യമാണെങ്കിൽ പല മാധ്യമങ്ങളുടെയും ഓരോ പുസ്തകവും സൗജന്യമായി വായിക്കാം. നമുക്കറിയാം താല്പര്യമുള്ള ഏത് വിഷയത്തെക്കുറിച്ചും നമുക്ക് പറഞ്ഞു തരാൻ ഓരോ മാധ്യമവും തയ്യാറാണ്. ഇന്നത്തെ മത്സര ലോകത്തിൽ ഓരോ നാമമായി ഓരോ വ്യക്തിയേയും മാറ്റിമറിക്കാനുള്ള അമാനുഷിക കഴിവുണ്ട്.

ഇത്രയും ഉപകാരപ്രദമായ മാറ്റങ്ങൾ പിന്നെ എന്തുകൊണ്ടാണ് നാം ഒരു ശത്രുവായി കരുതുന്നത് അത് നമ്മുടെ ഉപയോഗത്തിന്റെ പ്രശ്നമാണ് വ്യത്യസ്തരം വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ താഴ്ത്തുന്നു. ലഹരി വ്യാപിക്കൽ പ്രധാന കാരണമാണ് പലതും ഇൻസ്റ്റാഗ്രാം ഫേസ്ബുക്ക് തുടങ്ങിലൂടെ പരിചയപ്പെടുത്തുന്ന വ്യക്തികൾ മനുഷ്യഹൃദയങ്ങളിൽ ചാറ്റിങ്ങിലൂടെ വഴിതെറ്റിക്കുന്നു. പ്രത്യേകിച്ചും ഒരു മൊബൈൽ ഫോൺ പറ്റി പറയുമ്പോൾ അതിന്റെ സർഫസ് ക്ലബ്ബിൽ നിന്നും ഡാർക്ക് വെപബാണ് നമ്മൾ പലർക്കും വിനോദം ആയത്. ഓരോ സമയങ്ങളിലും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നത് മാത്രമാണ് ആധുനിക സമൂഹത്തോട് നമ്മുടെ കർത്തവ്യം.



# ലെയ്ക്ക

## വി.ജെ. ജയിംസ്

കഥയ്ക്ക് കലർപ്പില്ലാത്ത രക്ത ഗുണം വേണമെന്ന് വാശിയുള്ള എഴുത്തുകാരനാണ് വി.ജെ. ജയിംസ് അദ്ദേഹത്തിൻ്റെ ലെയ്ക്ക എന്ന കൃതി ബഹിരാകാശ ഗവേഷണവുമായി ബന്ധപ്പെട്ട് മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ നോവലാണ്. ബഹിരാകാശത്ത് ആദ്യമായി യാത്ര ചെയ്ത നായ യാ ണ് ലെയ്ക്ക. ലെ യ്ക്ക എന്ന നായയെ ജീവനു തുല്യം സ്നേഹിക്കുന്ന റഷ്യൻ ബാലികയായ പ്രിയങ്കയുടേയും ബാല്യത്തിൽ മരിച്ച മകളെയോർത്ത് കണ്ണീരോടെ ജീവിക്കുന്ന ഡെനിസോവിച്ചിൻ്റെയും ഭാര്യയായ നടാഷയുടേയും കഥയാണ് ലെയ്ക്ക എന്ന നോവലിൻ്റെ പ്രമേയം.

ബഹിരാകാശ ഗവേഷകനായ ഡെനിസോവിച്ച് ലെയ്ക്കയെ പറ്റി മകൾ പ്രിയങ്കയോട് വിവരിക്കുകയും മകൾ ആ നായയെ അഗാധമായി സ്നേഹിക്കുകയും ചെയ്യുന്നു. സ്കാൻഡിനേവിയൻ രാജ്യങ്ങളിലും റഷ്യയുടെ വനപ്രദേശങ്ങളിലും വേട്ടയ്ക്കായി ഉപയോഗപ്പെടുത്തി വന്നിരുന്ന നായവർഗത്തിൻ്റെ നാമമായിരുന്നു ലെയ്ക്ക. മോസ്കോ തെരുവുകളിൽ നിന്നും പിടിച്ചവയുൾപ്പെടെയുള്ള അനേകം പട്ടികളെ ഇൻ്റർവ്യൂ ചെയ്താണ് ലെയ്ക്ക എന്ന പെൺ പട്ടിയെ ശൂന്യാകാശ യാത്രികയായി തെരഞ്ഞെടുത്തത്. ബഹിരാകാശ യാത്രയ്ക്കായി ലെയ്ക്കയെ കഠിന പരിശീലനങ്ങൾക്ക് വിധേയയാക്കുന്നു. വധശിക്ഷ വിധിക്കപ്പെട്ട ദിവസങ്ങളെണ്ണി കഴിയുന്ന നിരപരാധിയെപ്പോലെ, ദയാഹർജി സമർപ്പിക്കാൻ ആരുമില്ലാത്ത അനാഥ ജന്മം പോലെ, ശാസ്ത്രം തലയ്ക്കു പിടിച്ച മനുഷ്യൻ്റെ ബുദ്ധിക്കു മീതെ നിസഹായയായ ലെയ്ക്ക എന്ന നായക്കുട്ടി മനുഷ്യവർഗത്തെ ദയനീയമായ കണ്ണുകളോടെ നോക്കുന്നു.

ചങ്ങലകളിൽ ബന്ധിതയായിരുന്ന ലെയ്ക്കയുടെ ദയനീയമായ ഞരക്കം, വിട പറഞ്ഞ് എന്നേയ്ക്കു മാ യി പിരിയുമ്പോഴും നനഞ്ഞിരിക്കുന്ന കണ്ണുകൾ, ഒന്നു നിവർന്നു നില്ക്കുവാൻ പോലുമാവാത്ത ഇടുങ്ങിയ അറയ്ക്കുള്ളിലെ പരിശീലനതടവ് ,എല്ലാ പീഡാനുഭവങ്ങൾക്കുമൊടുവിൽ കാത്തിരിക്കുന്ന ശൂന്യാകാശ മരണം എന്നിവ കണ്ണുനീരിൻ്റ ഭാഷയിൽ നോവലിസ്റ്റ് എഴുതി വച്ചിരിക്കുന്നു. ലെയ്ക്ക ശൂന്യാകാശത്തിലേക്ക് അപ്രത്യക്ഷയാവുമ്പോൾ കഠിന രോഗം ബാധിച്ച് പ്രിയങ്കയും മരണത്തിന് കീഴടങ്ങുന്നു.

മൃഗവും മനുഷ്യനും തമ്മിലുള്ള ആഴപ്പെടലിനെ ബഹിരാകാശ ഗവേഷണത്തിൻ്റെ അലങ്കാരങ്ങൾ ചാർത്തി മുദ്രണം ചെയ്യുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. ഇൻ്റർനാഷണൽ ഏറോസ്പേസ് ഫെഡറേഷൻ്റെ ലോക സെമിനാറിൽ പങ്കെടുത്ത് മടങ്ങും വഴി ഫ്രാൻസിലെ ഡീഗാൾ എയർപോട്ടിൽ വച്ച് നോവലിസ്റ്റും കുടുംബവും പരിചയപ്പെടുന്ന രണ്ടു പേരാണ് ഡെനിസോവിച്ചും ഭാര്യ നടാഷയും ബഹിരാകാശ ഗവേഷകനായ ഡെനിസോവിച്ച് അയച്ച കത്തിൻ്റെ മലയാള വിവർത്തന രൂപത്തിലാണ് നോവൽ ശരീരം പ്രാപിക്കുന്നത്.കത്തിൽ ഡെനിസോവിച്ച് പറയുന്നുണ്ട്; ലോകത്തിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങളിലൊന്ന് കേരളമാണ്., ഒരു കാര്യത്തിൽ എനിക്കു നിങ്ങൾ ഇന്ത്യാക്കാരോട് പരിഭവമുണ്ട് .സ്വന്തം പൈതൃകത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും അറിവു നേടാൻ നിങ്ങൾ മെനക്കെടാറില്ല. പൈതൃകത്തെ ഒരു മതത്തിൻ്റെ ഇടുങ്ങിയ ചട്ടക്കൂടിനുള്ളിൽ നിർബന്ധിത മായി തളച്ചിടാനാണ് ഇന്ത്യാക്കാർ ശ്രമിക്കുന്നത്.....

ശൂന്യാകാശം പേര് സൂചിപ്പിക്കുന്നതു പോലെ ശൂന്യമല്ല. എല്ലാറ്റിൻ്റെയും നിറവാണത്: ഈ നിറവ് തിരിച്ചറിഞ്ഞ ചില ആത്മാക്കളുടെ അന്വേഷണമാണ് ലെയ്ക്ക. ആകാശത്തിൻ്റെ അതിരുകൾ തേടിത്തേടി ഒടുവിൽ അവനവനിലേക്ക് സൂക്ഷിച്ചു നോക്കാൻ ഈകൃതിവായനക്കാരനെ പ്രേരിപ്പിക്കുന്നു.

(വി.ജെ.ജയിംസ് )

നിങ്ങളും വായിക്കുക ' അപ്പോൾ ലെയ്ക്ക, പ്രിയങ്ക എന്നീ കഥാപാത്രങ്ങൾ നിങ്ങളുടെ മനസിലും ചില പ്രതിസന്ധികൾ സൃഷ്ടിക്കും.

തയ്യാറാക്കിയത്

ഡോ:നിർമല റാഫേൽ
മലയാളം അധ്യാപിക

# When I was caught in rain without umbrella

It was the mouth of May the school had reopened after anual results. I was walking briskly towards the school. suddenly there were black clouds in the sky. I was hardly a hundred metres away then it is started showering very hard. I ran towards a tree and suddenly it to pour some time. But the rain did not stop, water drops started drenching me to the marrow. I tried to save my bag out to no avail my shoes and shocks was so full of water that I started felling numbenes in my feet. At last I took up the risk and started running towards school. My shoes threw and mud all over my back when I reached the school building. I took shelted in the porch. I immediately open my bag and tried to rescue my books and notebooks.

**Naina K 9E**

# Formation of rain

As the air rises it expands and cools.This cooling causes the water vapour in the air to condense a tiny dopplets which is slowly grow bigger by the condensation of more water droplets and forms clouds. When the droplets have grown big and heavy they fall down in the form of rain.

*Organic rainfall/relief rainfall*

whenthe windward sides of the mountain receive heavy rainfall leeward sides do not receive rainfall due to the descending dry air. This type of rainfall is known as organic rainfall/relief rainfall.

*Conventional rainfall*

Rainfall occurs with the thunder and lightning.This rain mostly occuring in the afternoon, does not a lost long. this type of rainfall is known as conventional rain fall.

*Border rain*

If the air over the sea comes in contact with the air over the land in the cost regions the warm air will be pushed upwards, causing cloud formation and rainfall. This type of rainfall is called border rain.

**Arya Gayathri K T 9E**

Vismaya M
9 D

